
# എയ്ഡ്സ് ചില സാമൂഹിക യാഥാർത്ഥ്യങ്ങൾ

പി.എ. പൗരൻ

എയ്ഡ്സെന്ന മാരകരോഗത്തിന്റെ കൈപ്പിടിയിൽ കിടന്ന് ഞെരിഞ്ഞമരാൻ വിധിക്കപ്പെട്ടവരുടെ അനുഭവങ്ങളുടെ നേർക്കാഴ്ചകൾ പകർത്തിയ ഹംസ ആലുങ്ങലിന്റെ 'മുറിവേറ്റവരുടെ സാക്ഷിമൊഴികൾ' എന്ന പുതിയ പുസ്തകത്തിലെ രണ്ടാമധ്യായം തുടങ്ങുന്നത് എടപ്പാളിലെ 27കാരിയായ സരിതയുടെയും 8 വയസ്സുള്ള മകളുടെയും കഥ പറഞ്ഞുകൊണ്ടാണ് ഈ കഥ കേരളീയഭവനങ്ങളിൽ ഓരോ സഹോദരിമാർക്കും എപ്പോഴും ഓർത്തുവെയ്ക്കാനുള്ള വലിയ പാഠവുമാണ്.

മറ്റൊരാളുടെ വേദനയിൽ പങ്കുചേരാനറിയാതെ സന്തോഷങ്ങളിൽ മതിമറന്ന് ചിരിക്കാനറിയാതെ അവഗണനകളുടെ തിക്താനുഭവങ്ങൾ ഏറെ സഹിച്ചും അപമാനത്തിന്റെ ആവർത്തനങ്ങളിൽ അതിലേറെ കരഞ്ഞും ഹൃദയം കല്ലായിപ്പോയവരുടെ ചരിത്രമാണ് ഈ പുസ്തകം പങ്കുവെയ്ക്കുന്നത്. ആ പട്ടികയിൽ ഇടവുള്ളവരിൽ സരിത മാത്രമല്ല മലപ്പുറത്തെ ഷബീബയും മണ്ണാർക്കാട്ടെ ആബിദയും നിലമ്പൂരിലെ ബുഷ്റയും താമരശ്ശേരിയിലെ ആയിഷയും രാമനാട്ടുകരയിലെയും പുഷ്പയും മാവൂരിലെ അനിതയും തിരുവനന്തപുരത്തെ അജ്ജനയും പാലക്കാട്ടെ സുമതിയും അങ്ങനെയങ്ങനെ എത്ര പേർ വേണമെങ്കിലുമുണ്ട്.

ഇവരെല്ലാവരും ഇന്ന് എച്ച്. ഐ. വി. ബാധിതരാണ്. നിഷ്ക്കളങ്കരായ അവരുടെ കുഞ്ഞുങ്ങളിലേക്കും ആ വിഷവൈറസ് പിരിമുറുക്കി കഴിഞ്ഞിരക്കുന്നു. ഇവരാരും ലൈംഗിക തൊഴിലാളികളായിരുന്നില്ല. അസന്മാർഗ്ഗികമായ ജീവിതപരിസരങ്ങളിൽ




**മുറിവേറ്റുവീണവരുടെ സാക്ഷിമൊഴികൾ**
**ഹംസ ആലുങ്ങൽ**
**പേജ് : 88. വില : 45 രൂപ**
**പ്രസാധകർ : വിളംബരം ബുക്സ്, കോഴിക്കോട്**

നിന്ന് വന്നവരല്ല. എച്ച്.ഐ.വി ബാധിതരുടെ രക്തം അറിയാതെ സ്വീകരിച്ച് രോഗബാധിതരായി തീർന്നവരല്ല. പിന്നെ എങ്ങിനെ അവർ എച്ച്.ഐവി. ബാധിചതരായി? 30 വയസ്സിനിടെ എങ്ങനെ വിധവകളായി? അതിനെ കുറിച്ചാണവർ ഈ പുസ്തകത്തിലൂടെ സമൂഹത്തെ ഉദ്ബുദ്ധരാക്കാൻ ശ്രമിക്കുന്നത്. ഇനി ഈ ലോകത്ത് മറ്റൊരു എച്ച്. ഐ. വി ബാധിതരെ കൂടി സൃഷ്ടിക്കരുതെ എന്നാണ് കണ്ണീരിനിടയിലും ഓർമ്മപ്പെടുത്താനുള്ളത്.

അറിയാത്തൊരു നാട്ടിൽനിന്നും പുതുമണവാളനായി എത്തിയ മനുഷ്യനു മുമ്പിൽ കഴുത്തുനീട്ടിക്കൊടുത്തു എന്നൊരു അപരാധം മാത്രമേ എടപ്പാളിലെ സരിത ചെയ്തുള്ളൂ. മലപ്പുറത്തെ ഷബീബയും മണ്ണാർക്കാട്ടെ ആബിദയും നിലമ്പൂരിലെ ബുഷ്റയും കാസർക്കോട്ടെ ഹവ്വാബിയും ആവർത്തിച്ച തെറ്റു ഇതുതന്നെ. വേലിച്ചാട്ടക്കാരായ ഭർത്താക്കന്മാരാണ് ഒരുപറ്റം വീട്ടമ്മമാരെയും അവരുടെ കുഞ്ഞുങ്ങളെയും ജീവിതത്തിന്റെ അടഞ്ഞ വഴികളിലേക്ക് നോക്കി വിതുമ്പിക്കരയുവാൻ വിധിക്കപ്പെട്ടവരാക്കി തീർത്തിരിക്കുന്നത്.

ഇങ്ങനെ സദാചാരനിരതരെന്ന ഹങ്കരിക്കുന്ന ഒരു സമൂഹത്തിനിടയിൽ സംഭവിച്ച് കൊണ്ടിരിക്കുന്ന ഞെട്ടിക്കുന്ന ചില സത്യങ്ങളുടെ ആഴങ്ങളിലേക്കാണ് ഈ പുസ്തകം ഇറങ്ങിച്ചെല്ലുന്നത്. മുഖ്യധാരാമാധ്യമത്താളുകളിൽ ഇടം കാണാതെ പോയ, ചാനൽക്കണ്ണുകളൊന്നും അറിഞ്ഞിട്ടുപോലുമില്ലാത്ത ഒരു വിപത്ത് സമൂഹത്തെ എത്രത്തോളം ഗ്രസിച്ചു കഴിഞ്ഞിരിക്കുന്നു എന്നതിലേക്കും ഒരു അന്വേഷണം നടത്തി ഭീതിപ്പെടുത്തുന്ന വിവരങ്ങൾ ഗ്രന്ഥകാരൻ നൽകുന്നത്.

കേരളത്തിലെ ഇരുന്നൂറിൽ പരം എച്ച്. ഐ.വി ബാധിതരെ തേടിപ്പിടിച്ച് നേരിൽ കണ്ടിരിക്കുന്നു ഇതിനായി ഹംസ ആലുങ്ങൽ വിവിധ ജില്ലകളും താണ്ടിയിരിക്കുന്നു. വിവിധ ഡോക്ടർമാർ, ആരോഗ്യപ്രവർത്തകർ എന്നിവരുമായും സംവാദിച്ചിരിക്കുന്നു. നിരവധി വ്യാജഡോക്ടർമാരുമായും ചർച്ച നടത്തിയിരിക്കുന്നു. അങ്ങിനെ രൂപപ്പെട്ടുവന്നതാണ് ഈ പുസ്തകം.

എയ്ഡ്സ് ഇന്ന് ഒരു രോഗം മാത്രമല്ല, ഫണ്ടൊഴുക്കിന്റെയും കച്ചവടതാൽപര്യങ്ങളുടെയും പര്യായപ

ദമാണ്. ഒരു ഭാഗത്ത് രോഗപ്രതിരോധത്തിന് കോടികൾ പൊടിക്കുന്നു. മറുഭാഗത്ത് എയ്ഡ്സ് പടർന്നുപിടിക്കുന്നു. മരുന്നിനുവേണ്ടി കോടികൾ ഒഴുക്കിക്കളഞ്ഞ് ഗവേഷണം നടക്കുമ്പോഴും ഈ മാറാവ്യാധിക്ക് മരുന്ന് അസാധ്യമാണെന്ന മുൻകൂർ തീർപ്പുകളുമുണ്ടാകുന്നു. എയ്ഡ്സ് രോഗിക്ക് സഹവർത്തിത്വത്തിന് അവകാശമുണ്ടെന്ന് ഉത്തരവാദപ്പെട്ടവർ വിളിച്ച് കൂവുന്നുണ്ട്. അപ്പോഴും തൊട്ടുകൂടായ്മയുടെയും തീണ്ടിക്കൂടായ്മയുടെയും ഘോഷയാത്രകളും ഉണ്ടാവുന്നു.

ഈ വൈരുദ്ധ്യങ്ങൾക്കിടയിലാണ് ചിലർ മരുന്ന് നിർമ്മിച്ച് ഭാഗ്യാന്വേഷണം നടത്തുന്നത്. എറണാകുളത്തെ ഫെയർഫാർമ ഉടമ ടി.എ. മജീദ് ഉൾപ്പെടെ ഈ രംഗത്ത് വിജയം കൊയ്തെടുത്തവർ നിരവധിയാണ്. കോടികളാണ് മജീദ് ഈ കൃഷിയിൽനിന്നും വിളയിച്ചെടുത്തത്. പത്രങ്ങളായ പത്രങ്ങളിലെല്ലാം അദ്ദേഹത്തിന്റെ മരുന്ന് കഴിച്ച് ജീവിതത്തിലേക്ക് ഓടിക്കയറിയ എയ്ഡ്സ് രോഗികളുടെ സാക്ഷ്യപത്രങ്ങളായിരുന്നു. കിടപ്പാടം പണയംവെച്ചും തന്നെ തന്നെ പണയവസ്തുവാക്കിയും ആയിരങ്ങൾ മരുന്നിലേക്ക് പാഞ്ഞടുത്തു. അവരെല്ലാം ഇയ്യാംപാറ്റകളായിരുന്നുവെന്ന് അറിയാൻ കാലമെടുത്തു. കാലെ തെളിയിച്ചിട്ടും അതു വിളിച്ചുപറയാൻ ആരുമുണ്ടായില്ല.

ഇതിനിടെ എം.എൻ. വിജയനെന്ന ബുദ്ധിജീവിയെ പരസ്യമോഡലാക്കി വീണ്ടും ഇതേമരുന്ന് സാംസ്കാരികതട്ടിപ്പിനിറങ്ങി. പത്രസമ്മേളനങ്ങൾ അഭിമുഖങ്ങൾ. ജോജി എന്ന എംബസ്റ്റസ് പത്രപ്രവർത്തകൻ ഇതുസംബന്ധമായി ഒരു മനോഹര മനോജ്ഞഗ്രന്ഥം തന്നെ എഴുതിക്കളഞ്ഞു. ആർത്തിപൂണ്ട മരുന്ന് വ്യാപാരിയുടെ വേട്ടക്കാരായി സാംസ്കാരികനായകർ ഇറങ്ങിതിരിച്ചതിനെതിരെ പ്രതികരിക്കാനും ഇവിടെ ആരുമുണ്ടായില്ല. സത്യം അക്ഷരാർത്ഥത്തിൽ നിലവിളിച്ചു. ആ നിലവിളിക്ക് ഉത്തരം നൽകുവാനാവണം ഹംസ ആലുങ്ങൽ ഈ കൃതിയിലൂടെ ശ്രമിക്കുന്നത്.

മഹത്തരങ്ങളായ ആശയങ്ങളും ബൃഹദ്ചിന്താധാരകളുമൊന്നും ഈ പുസ്തകം അനുവാചകന് നൽകുന്നില്ല. എന്നാൽ ഭീതിപ്പെടുത്തുന്ന ഒരുപാട് സന്ദേശങ്ങൾ വായനക്കാരനുമായി പങ്കുവെയ്ക്കുന്നുണ്ട്. വേലിച്ചാട്ടക്കാരായ ഭർത്താക്കന്മാരറിയണം, ഒരു എച്ച്.ഐ.വി ബാധിതന്റെ ജീവിതം പോസ്റ്റുമോർട്ടത്തിന്. മുന്നറിയിപ്പിന്റെ മുൾപടർപ്പ്. ലോകയാത്രക്കിറങ്ങുന്ന നുണകൾ. ഊരുവിലക്കിന്റെ ആക്രോശങ്ങൾ തുടങ്ങിയ അദ്ധ്യായങ്ങളെല്ലാം ജീവിക്കുന്നവർക്ക്, മരിച്ചുജീവിക്കുന്നവർക്ക് നൽകുന്ന ഷോക്കേസുകളാണ്.

നേരറിയാൻ സന്മനസ്സുള്ളവർക്കു മുമ്പിൽ രോഗികളുടെയും അനുഭവസ്ഥരുടെയും മേൽവിലാസവും ഫോൺ നമ്പറുകളും ഈ പുസ്തകം നിരത്തിവെയ്ക്കുന്നുണ്ട്. അങ്ങനെ ഈ പുസ്തകം ഒരു കമ്മ്യൂൺ സൃഷ്ടിക്കുന്നുണ്ട്. വ്യാജ ചികിൽസകർക്കെതിരെയും, സാമൂഹിക അവഗണനകൾക്കു നേർക്കും പ്രതിഷേധവും പ്രതിരോധവുമായി സ്വയം അടയാളപ്പെടുത്തുന്ന ഈ പുസ്തകത്തെ നമ്മുടെ മാധ്യമങ്ങൾ വേണ്ടവിധം പരിഗണിക്കാതെ പോയി എന്നത് തന്നെ ഈ പുസ്തകം മുന്നോട്ടുവെക്കുന്ന മാരകമായ വിമർശനങ്ങളുടെ അംഗീകാരമാണ്. അല്ലെങ്കിൽ എന്തിനാണ് വെറുതെ വയ്യാവേലികളിൽ പോയി തലയിടുന്നതെന്ന മാധ്യമവിചാരങ്ങൾക്കു നേരെ നെഞ്ചൂക്കോടെ പോരാടുന്ന ഒരു യുവപ്രവർത്തകന്റെ ആത്മവീര്യത്തെ കെടുത്താൻ ഒരു മനുഷ്യാവകാശപ്രവർത്തകന് ഒരിക്കലും കഴിയില്ല. അതുകൊണ്ടാണ് ആത്മാർത്ഥതയോടെയുള്ള ഈ ഐക്യദാർഢ്യം.

*സൈലന്റ്‌വാലി, മഞ്ചേരി, മലപ്പുറം*

# വയനാട്: ഗോത്രമഹാസഭ സത്യാഗ്രഹം ആരംഭിച്ചു

മുത്തങ്ങ കേസുകൾ പിൻവലിക്കുക, ആറളം ഫാം കമ്പനിക്ക് കൈമാറാനുള്ള നടപടി നിർത്തലാക്കുക, വയനാട് ജില്ലയിലെ ആദിവാസി സമൂഹത്തോടുള്ള അവഗണന അവസാനിപ്പിക്കുക, പാട്ടക്കാലാവധി കഴിഞ്ഞ ഹാരിസൺസ്, റ്റാറ്റ എസ്റ്റേറ്റ് ഭൂമി പിടിച്ചെടുത്ത് ഭൂരഹിതർക്ക് വീതിച്ചുനല്കുക തുടങ്ങി 15-ഓളം ആവശ്യങ്ങൾ മുൻനിർത്തി വയനാട് ജില്ലാകളക്ട്രേറ്റിനു മുമ്പിൽ ആദിവാസി ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ അനിശ്ചിതകാല സത്യാഗ്രഹസമരം ആരംഭിച്ചു.

2001 ഡിസംബർ 31 ന് മുമ്പ് ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഭൂമി നല്കുമെന്ന അന്നത്തെ മുഖ്യമന്ത്രി എ. കെ. ആന്റണിയുടെ രേഖാമൂലമുള്ള ഉറവ് പാലിക്കപ്പെടാത്തതിനെത്തുടർന്ന് 2002 ജനുവരി 4 ന് ലോകചരിത്രത്തിൽ ഇടം കുറിച്ച മുത്തങ്ങ സമരം ആരംഭിച്ചു. ആദിവാസി ഗോത്രമഹാസഭയുടെ അധ്യക്ഷ സി. കെ ജാനുവിന്റെ നേതൃത്വത്തിൽ വയനാട് വന്യജീവി സങ്കേതത്തിലെ മുത്തങ്ങയിൽ 450-ഓളം കുടിലുകൾ കെട്ടി സമരം തുടങ്ങിയത്. ഒരു മാസത്തോളം കഴിഞ്ഞിട്ടും സർക്കാർ അനങ്ങിയില്ല. ഭൂമി കയ്യേറിയ ആദിവാസി സമൂഹം ചെക്ക് പോസ്റ്റ് സ്ഥാപിച്ച് അമ്പും വില്ലുമായി കാവൽനിന്നു. കാട്ടിലെ തീ കെടുത്താൻ പോയ വനംവകുപ്പ് ഉദ്യോഗസ്ഥരെ ബന്ദികളാക്കുകയും കളക്ടറുമായിട്ടുള്ള സന്ധിസംഭാഷണത്തിൽ ഇവരെ മോചിപ്പിക്കുകയും ചെയ്തു. പിന്നീട് ഭരണകൂടം അതിന്റെ ഭീകരത പുറത്ത് കാട്ടി കുടിലുകൾക്ക് തീയിട്ടും സ്ത്രീകളേയും കുട്ടികളേയും മൃഗീയമായി തല്ലിച്ചതച്ചും സമരക്കാരെ ഒഴിപ്പിക്കാൻ ശ്രമിച്ചു. അമ്പും വില്ലുമായി അവർ പിടിച്ചുനില്ക്കാനും ശ്രമിച്ചു. സ്വന്തം കുടുംബത്തിന്റെ നിത്യവൃത്തിക്ക് വേണ്ടി പോലീസ് പണി ജോലിയായി സ്വീകരിച്ച കണ്ണൂർ സമരത്തിന് വന്ന ജോഗിയും ഭരണകൂടത്തിന്റെ ഭീകരതയ്ക്ക് ഇരകളായി.

കേരളം മാറിമാറി ഭരിച്ച രാഷ്ട്രീയ ഭരണകൂടങ്ങൾ പൊള്ളയായ വാഗ്ദാനങ്ങൾ നല്കി വഞ്ചിച്ച ആദിവാസി സമൂഹത്തെ ഈ നിലയിൽ എത്തിച്ചതിൽ ഭരണകൂടങ്ങൾ തന്നെയല്ലേ കുററവാളികൾ? ഗോത്രമഹാസഭ ചോദിക്കുന്നു.